പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3024 | 07.11.2019- ൽ മറുപടിക്ക്

**കോഴിക്കോട് വെങ്ങളം-രാമനാട്ടുകര ബൈപ്പാസ് രണ്ടാം ഘട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ. ദാസൻ: | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | ദേശീയപാത വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ വെങ്ങളം - രാമനാട്ടുകര ബൈപ്പാസ് രണ്ടാം ഘട്ടം വീതി വർദ്ധിപ്പിക്കൽ പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കിയതാണോ; എങ്കിൽ ഏത് കമ്പനിയാണ് പ്രവൃത്തിയുടെ എഗ്രിമെന്റ് വെച്ചതെന്നും എന്നാണ് എഗ്രിമെന്റ് വെച്ചതെന്നും വ്യക്തമാക്കാമോ; | (എ) | ദേശീയപാത വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ വെങ്ങളം - രാമനാട്ടുകര ബൈപ്പാസ് രണ്ടാം ഘട്ടം വീതി വർദ്ധിപ്പിക്കൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് M/s KMC Constructions Ltd (SPV of Calicut Express Way Pvt. Ltd) എന്ന കമ്പനിയുമായി 18-04-2018 ൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം എന്താണെന്ന് വിശദമാക്കാമോ; | (ബി) | ഹൈബ്രിഡ് അന്വിറ്റി മോഡിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടപ്പിലാക്കുന്ന ഈ പ്രോജക്ടിന് പദ്ധതി തുടങ്ങുന്നതിനു മുൻപായി കരാറുകാരൻ ഫിനാൻഷ്യൽ ക്ലോഷർ (നിശ്ചിത തുകയ്ക്കുള്ള ബാങ്ക് ഗ്യാരന്റി സമർപ്പിക്കൽ, പദ്ധതിയ്ക്കുള്ള സാമ്പത്തിക ഉറവിടം ഉറപ്പാക്കൽ തുടങ്ങിയവ) പാലിക്കേണ്ടിയിരിക്കുന്നു. ഇത് വൈകുന്നതാണ് പദ്ധതി വൈകുന്നതിനുള്ള കാരണം. ചുരുക്കത്തിൽ കരാറെടുത്ത കമ്പനിയുടെ സാമ്പത്തിക പ്രശ്നങ്ങൾ കാരണമാണ് പ്രവൃത്തി ആരംഭിക്കാനാകാത്തത്. ഇതിന്റെ ഭാഗമായി കമ്പനിയെ ഒഴിവാക്കി മറ്റ് ഏജൻസികളെ ഏൽപ്പിക്കാനോ കമ്പനിക്കെതിരെ |

കരാർ വ്യവസ്ഥകൾ പാലിക്കാത്തതിനെതിരെ നടപടിയെടുക്കുന്നതിനോ NHAI ശ്രമിച്ചതായി കാണുന്നില്ല.

(സി) പ്രസ്തുത പാതയിൽ ഇപ്പോൾ ആവശ്യമായി വരുന്ന ചെറിയ രീതിയിലുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ചുമതല ആരുടേതാണെന്ന് വിശദമാക്കാമോ?

(സി) ദേശീയപാതകളുടെ പരിപാലനം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രായലത്തിന്റെ നിയന്ത്രണത്തിൽ സംസ്ഥാന ദേശീയപാതാ വിഭാഗമാണ് നടപ്പിലാക്കുന്നത്. എന്നാൽ ഈ സ്ട്രെച്ച് ഏറ്റെടുത്തില്ല എന്ന കാരണത്താൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയും, പദ്ധതി അവാർഡ് ചെയ്തിരിക്കുന്ന കാരണത്താൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയവും മെയിന്റനൻസ് നടത്തുന്നില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് 50 ലക്ഷത്തിന്റെ അറ്റകുറ്റപ്പണികൾ ഇപ്പോൾ നടത്തി വരുന്നുണ്ട്. പ്രവൃത്തി പുരോഗതിയിലാണ്.

സെക്ഷൻ ഓഫീസർ